**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4424** — **06-03-2023 - ൽ മറുപടിയ്ക്ക്**

**ഖാദി ബോർഡിന്റെ ഉടമസ്ഥതയിലെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നത് അടച്ചു പൂട്ടുകയോ പ്രവർത്തനം ഭാഗികമായി മാത്രം നടക്കുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും പുതിയ തൊഴിൽ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഖാദി ബോർഡിന് കീഴിൽ പ്രവർത്തിക്കാതെയുണ്ടായിരുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഖാദിബോർഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ച് വരുന്ന യൂണിറ്റുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകികൊണ്ട് വിപുലീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 09-11-2022-ലെ സ.ഉ (സാധാ) നം.2759/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖാദി മേഖലയുടെ വികസനത്തിനായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ആധുനിക രീതിയിലുള്ള പേപ്പർ ക്യാരി ബാഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും മെഷീനറികൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാണ്.<br><br>തൃശ്ശൂർ ജില്ലയിൽ ബെഡ് യൂണിറ്റ് തുടങ്ങുന്നതിനും പാലക്കാട് ജില്ലയിൽ ഹണി പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ